*പൊതു വിദ്യാഭ്യാസ*
*ഡയറക്ടറുടെകാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

*No. ICT Cell/1771/3/DGE_HSE/2022* *24/09/2022*

# പത്രക്കുറിപ്പ്

## പ്ലസ്സ് വൺ രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറ് റിസൾട്ട് സെപ്തംബർ 26 ന് രാവിലെ 9 മണിയ്ക്ക്

## പ്രവേശനം സെപ്തംബർ 26, 27 തീയതികളിൽ

പ്ലസ്സ് വൺ പ്രവേശനത്തിൻെറ രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറ് 2022 സെപ്തംബർ 26 ന് രാവിലെ 9 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. ഏകജാലക സംവിധാനത്തിൻെറ വിവിധ അലോട്ട്മെൻറുകളിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്കും അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്കും സപ്ലിമെൻററി അലോട്ട്മെൻറിനായി അപേക്ഷിക്കാൻ 2022 സെപ്തംബർ 23 വൈകിട്ട് 5 മണി വരെ അവസരം നൽകിയിരുന്നു. രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി ആകെ ഉണ്ടായിരുന്ന 22,928 വേക്കൻസിയിൽ പരിഗണിക്കുന്നതിനായി ലഭിച്ച 16067 ആകെ അപേക്ഷകളിൽ 15571 അപേക്ഷകൾ അലോട്ട്മെൻറിനായി പരിഗണിക്കുകയുണ്ടായി. ഓപ്ഷനില്ലാത്തതും മറ്റ് കാരണങ്ങളാൽ അർഹതയില്ലാത്തതുമായ 496 അപേക്ഷകൾ സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിച്ചിട്ടില്ല. സംവരണ തത്വം അനുസരിച്ച് നിലവിൽ ഉണ്ടായിരുന്ന വേക്കൻസി ജില്ല ഒരു യൂണിറ്റായി പരിഗണിച്ച് വിവിധ കാറ്റഗറി സീറ്റുകളാക്കിയാണ് അലോട്ട്മെൻറിന് പരിഗണിച്ചിട്ടുള്ളത്.

സപ്ലിമെൻററി അലോട്ട്മെൻറ് പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം **2022 സെപ്തംബർ 26 ന് രാവിലെ 10 മണി മുതൽ 2022 സെപ്തംബർ 27 ന് വൈകിട്ട് 5 മണി വരെയുള്ള സമയ പരിധിയ്ക്കുള്ളിൽ നടത്തുന്നതാണ്.** അലോട്ട്മെൻറ് വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിൻെറ അഡ്മിഷൻ ഗേറ്റ്‌വേ ആയ **www.admission.dge.kerala.gov.in** എന്ന വെബ്സൈറ്റിലെ **"Click for Higher Secondary Admission"** എന്ന ലിങ്കിലൂടെ പ്രവേശിക്കുമ്പോൾ കാണുന്ന ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിൽ ലെ Candidate Login-SWS ലെ Supplementary Allot Results എന്ന ലിങ്കിലൂടെ ലഭിക്കും. അലോട്ട്മെൻറ് ലഭിച്ചവർ കാൻഡിഡേറ്റ് ലോഗിനിലെ Supplementary Allot Results എന്ന ലിങ്കിൽ നിന്നും ലഭിക്കുന്ന അലോട്ട്മെൻറ് ലെറ്ററിലെ അലോട്ട്മെൻറ് ലഭിച്ച സ്കൂളിൽ രക്ഷകർത്താവിനോടൊപ്പം 2022 ജൂലൈ 8 ന് പ്രസിദ്ധീകരിച്ച

സർക്കുലർ പ്രകാരം ആവശ്യമുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം ഹാജരാകണം. വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് ആവശ്യമുള്ള അലോട്ട്മെൻറ് ലെറ്റർ അലോട്ട്മെൻറ് ലഭിച്ച സ്കൂളിൽ നിന്നും പ്രിൻറ് എടുത്ത് അഡ്മിഷൻ സമയത്ത് നൽകുന്നതാണ്. അലോട്ട്മെൻറ് ലഭിക്കുന്നവർ ഫീസടച്ച് സ്ഥിരപ്രവേശനം നേടണം.

രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനുശേഷമുള്ള സ്കൂൾതല വേക്കൻസി ജില്ലാ/ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനായി 2022 സെപ്റ്റംബർ 28 ന് ഉച്ചയ്ക്ക് 1 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. ഇതുവരെ ഏകജാലക സംവിധാനത്തിൽ മെരിറ്റ് ക്വാട്ടയിലും സ്പോർട്സ് ക്വാട്ടയിലും പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫറിന് അപേക്ഷിക്കാവുന്നതാണ്. പ്രവേശനം നേടിയ ജില്ലയ്ക്കകത്ത് സ്കൂൾ മാറ്റത്തിനോ , കോമ്പിനേഷൻ മാറ്റത്തോടെയുള്ള സ്കൂൾ മാറ്റത്തിനോ, സ്കൂളിലെ മറ്റൊരു കോമ്പിനേഷനിലേയ്ക്കൊ കാൻഡിഡേറ്റ് ലോഗിനിലെ Apply for School/Combination Transfer എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ് . സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനെ സംബന്ധിച്ചുള്ള വിശദ നിർദ്ദേശങ്ങൾ 2022 സെപ്റ്റംബർ 28 ന് ഉച്ചയ്ക്ക് 1 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ